# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 8230 17.07.2014-ൽ മറുപടിക്ക്

## പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. വി.പി. സജീന്ദ്രൻ**<br>**ശ്രീ. ഐ.സി. ബാലകൃഷ്ണൻ**<br>**ശ്രീ. വി.റ്റി. ബൽറാം**<br>**ശ്രീ. പി.എ. മാധവൻ** | | **ശ്രീ. എ.പി. അനിൽകുമാർ**<br>(പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പു മന്ത്രി) |
| എ) പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;<br>ബി) പ്രസ്തുത വിഭാഗത്തിലെ എത്ര പേർ വായ്പ എടുത്തിട്ടുണ്ട് ; വായ്പ എഴുതിത്തള്ളുന്നത് സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | എ)<br>&<br>ബി) | പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, വ്യവസായ വാണിജ്യ വകുപ്പ്, സഹകരണ സ്ഥാപനങ്ങൾ, കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് എന്നിവയിൽ നിന്ന് എടുത്തിട്ടുള്ളതും 31.3.2006 -ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 50,000/- രൂപ വരെയുള്ള വായ്പ 12.11.2009 ലെ ജി.ഒ.(പി) നം. 100/09/പജപവവിവ ഉത്തരവിൽ പ്രതിപാദിക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി എഴുതി തള്ളുന്നതിന് 10.12.2013 ലെ സ.ഉ.(അച്ചടി) നം. 99/2013/ പജപവവിവ ഉത്തരവ് പ്രകാരം ഉത്തരവായിരുന്നു. കൂടാതെ, പട്ടികജാതി വിഭാഗക്കാർ പട്ടികജാതി വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവയിൽ നിന്നും എടുത്തിട്ടുള്ളതും 31.3.2010-ൽ കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ 1,00,000/- വരെയുള്ള വായ്പകൾ എഴുതിത്തള്ളുന്നതിനുള്ള ഒരു പുതിയ പദ്ധതി പരിഗണനയിലുണ്ട്. |

Sd/- K.T.